(എ) കണ്ണൂർ ജില്ലയിൽ ആകെ എത്ര അംഗൻവാടികളാണ് ഇതുവരെ അനുവദിച്ചതെന്നും ഇവയിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്ത അംഗൻവാടികൾ ഏതെല്ലാം പഞ്ചായത്തിൽ ഏതെല്ലാം വാർഡിന് അനുവദിച്ചവയാണെന്നകാര്യം വ്യക്തമാക്കുമോ;

(ബി) തളിപ്പറമ്പ്-ഇരിക്കൂർ ഐസിഡിഎസ് ബ്ലോക്കുകളിൽ എത്ര അംഗൻവാടി ഹെൽപ്പർ-വർക്കർ തസ്തികകൾ ഇപ്പോൾ ഒഴിവുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടികളിൽ ജോലിനോക്കുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

32 [3475] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ജോലിനോക്കുന്ന താല്ക്കാലിക ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വനിതാ സഹകരണ സംഘങ്ങൾ

33 [3476] *ശ്രീ. ടി. എം. ജേക്കബ്:*
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ എത്ര വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേകമായി എന്തെങ്കിലും പ്രോത്സാഹനം നൽകുന്നതിനുള്ള പരിപാടികൾ ഉണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വനിതാ സംഘങ്ങൾക്ക് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 'ഏകജാലക' സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2002-2003-ൽ കേന്ദ്ര ഗവൺമെന്റ് പ്രത്യേക വനിതാ ധനസഹായ പദ്ധതിയായി 3 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക കോട്ടയം, എറണാകുളം, മലപ്പുറം ജില്ലകളിൽ വനിതാ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും മദർ സാറ്റലൈറ്റ് യൂണിറ്റുകളുടെ പ്രവർത്തനത്തിനും പുതിയ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിനിയോഗിച്ചു വരുന്നു. കുടുംബശ്രീ വഴി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾക്ക് പരിശീലനത്തിനും വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമായി ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. പദ്ധതികൾ പുർത്തിയായിക്കൊണ്ടിരിക്കുന്നു.

കൂടാതെ വ്യവസായ കരകൗശല വനിതാ സഹകരണസംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം നൽകുമ്പോൾ വനിതാ കാറ്റഗറിയിൽഅല്ലാത്തസഹകരണ സംഘങ്ങൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ സഹായം ചെയ്യുന്നുണ്ട്. സാധാരണ സംഘങ്ങൾക്ക് അടച്ചുതീർത്ത മൂലധനത്തിന്റെ നാലിരട്ടി പരമാവധി 2.5 ലക്ഷം രൂപ നൽകുമ്പോൾ വനിതാ സഹകരണ സംഘങ്ങൾക്ക് ഇത് ആറിരട്ടി, പരമാവധി 3.5 ലക്ഷം രൂപയാണ്.

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഏകജാലക സംവിധാനം പ്രയോജനപ്പെടുത്താൻ ഇപ്പോൾത്തന്നെ നിയമമുണ്ട്. ആയതിനാൽ വനിതാ സഹകരണ സംഘങ്ങൾക്ക് ചെറുകിട വ്യവസായ യൂണിറ്റായി രജിസ്റ്റർ ചെയ്ത് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

2004-2005 കാലഘട്ടത്തിൽ ശിശുക്ഷേമ സമിതിക്ക് നൽകിയ ധനസഹായം

34 [3477] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly